(എ) സുസുക്കി എഞ്ചിൻ വാങ്ങുന്നതിനെപ്പറ്റിയുള്ള മൽസ്യഫെഡ് ഫയലുകൾ ഹാജരാക്കണമെന്ന് ഫിഷറീസ് രജിസ്ട്രാർ മത്സ്യഫെഡിനോട് ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ ഇക്കാര്യം സംബന്ധിച്ച് എത്ര കത്തുകൾ മത്സ്യഫെഡിനയച്ചു; അതനുസരിച്ച് മത്സ്യഫെഡ് ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കിയോ; ഇല്ലെങ്കിൽ എന്തു കൊണ്ട്;

(സി) എത്ര സുസുക്കി എഞ്ചിനുകൾ വാങ്ങുവാനാണ് മത്സ്യഫെഡ് തീരുമാനിച്ചിരുന്നത്;

(ഡി) നേരത്തെ സുസുക്കി എഞ്ചിൻ വാങ്ങിയത് സംബന്ധിച്ച അഴിമതി ആരോപണങ്ങൾ നിലനിൽക്കെ വീണ്ടും അത്തരം എഞ്ചിനുകൾ വാങ്ങണമെന്ന് മത്സ്യഫെഡ് തീരുമാനിക്കുവാനുള്ള കാരണമെന്ത്;

(ഇ) മുമ്പ് സുസുക്കി എഞ്ചിൻ വാങ്ങിയ നടപടിക്രമം അനുസരിച്ച് തന്നെയാണോ വീണ്ടും അതേ എഞ്ചിൻ വാങ്ങുവാൻ മത്സ്യഫെഡ് തീരുമാനിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) ബന്ധപ്പെട്ട ഫയലുകൾ ഫിഷറീസ് രജിസ്ട്രാർ ഏറ്റെടുത്തിട്ടുണ്ട്.

(സി) 1500.

(ഡി, ഇ) സുസുക്കി കമ്പനി നേരിട്ട് എഞ്ചിനുകൾ നൽകാമെന്ന് അറിയിക്കുകയും എഞ്ചിൻ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായിരുന്നതുകൊണ്ടും ടാക്സ് ഇളവ് തൊഴിലാളികൾക്ക് ലഭ്യമാകുന്നതിനും വേണ്ടിയാണ് എഞ്ചിനുകൾ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചത്.

മത്സ്യബന്ധന വള്ളങ്ങൾക്ക് ആവശ്യമായ മണ്ണെണ്ണയുടെ ലഭ്യത

67 [952] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ദിവസവും കടലിൽ പോകുന്ന യന്ത്രം ഘടിപ്പിച്ച ഒരു മത്സ്യബന്ധന വള്ളത്തിന് ഒരു മാസത്തേക്ക് ശരാശരി എത്ര മണ്ണെണ്ണ ആവശ്യമായി വരും;

(ബി) ഇപ്പോൾ സബ്സിഡിയോടുകൂടി മത്സ്യബന്ധന വള്ളങ്ങൾക്ക് പ്രതിമാസം എത്ര മണ്ണെണ്ണയാണ് നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) മത്സ്യബന്ധന വള്ളങ്ങളിൽ ഘടിപ്പിക്കുന്ന യന്ത്രങ്ങളുടെ ആയുസ് എത്ര കാലമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ആറു വർഷത്തിനുമേൽ കാലപ്പഴക്കമുള്ള യന്ത്രം ഘടിപ്പിച്ച മത്സ്യ ബന്ധന ബോട്ടുകൾക്ക് സബ്സിഡിയോടുകൂടി മണ്ണെണ്ണ നൽകുവാൻ മത്സ്യബന്ധന വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1000 ലിറ്റർ.

(ബി) 10 എച്ച്. പി. വരെ പ്രതിമാസം 350 ലിറ്റർ, 11-15 എച്ച്. പി. വരെ 375, 16-40 എച്ച്. പി. വരെ 500 ലിറ്റർ. ഇപ്പോൾ ഈ അളവിന്റെ 50% മാത്രമാണ് നൽകുന്നത്.

(സി) 3 മുതൽ 6 വർഷം വരെ.

(ഡി) പ്രവർത്തന യോഗ്യമായ എല്ലാ എഞ്ചിനുകൾക്കും മണ്ണെണ്ണ അനുവദി ക്കണമെന്നാണ് താല്പര്യമെങ്കിലും മണ്ണെണ്ണയുടെ ദൗർലഭ്യം നിമിത്തം അത് സാദ്ധ്യ മാകുന്നില്ല. 10 വർഷം വരെ പഴക്കമുള്ള എഞ്ചിനുകൾക്ക് മണ്ണെണ്ണ നൽകണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ചുവരുകയാണ്. മണ്ണെണ്ണ നൽകുന്ന സിവിൽ സപ്ലൈസ് വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്.

ആലപ്പുഴ ഫിഷ്ലാന്റിംഗ് സെന്റർ

68 [953] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ ഫിഷ്ലാന്റിംഗ് സെന്റർ സ്ഥാപിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എവിടെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കാഞ്ഞിരംചിറയിൽ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കാനായി 17.5 ലക്ഷം രൂപ എസ്റ്റിമേറുള്ള ഒരു പ്രോജക്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ സാദ്ധ്യത വിലയിരുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly